


# തിളക്കം

G.H.S.S KAVALAYOOR

2019-2021

LITTLE KITES

# തിളക്കം

- *വീണ്ടും പാടുക പ്രിയേ......................3*
- *എന്റെ ചിത്രചേച്ചിക്ക്.....................4*
- *പെൺക്കിളി....................................6*
- *അടർന്നു പോയ ജീവനുകൾ...........8*
- *എന്റെ പൈങ്കിളിപെണ്ണ്.................11*

# വീണ്ടും പാടുക പ്രിയേ

പ്രിയേ........നിൻ മധുരമാം ഈണം കേട്ടു ഞാൻ
എന്നിൽ വന്നണയുന്ന കാറ്റുപോൽ കേട്ടു ഞാൻ
പ്രഭാത സൂര്യനെ പുൽകി ഉണർത്തുവാൻ ജനിക്കുവാൻ നീ
പ്രഭാതത്തിൽ എന്നെയും പുൽകി ഉണർത്തിയോനി.
മലകൾക്കപ്പുറം...., കാടുകൾക്കപ്പുറം....,
അവിടെയെങ്ങോ കൂടുക്കൂട്ടി ഇരുന്നു നീ
നിൻ കൂട്ടിലെ കുഞ്ഞുങ്ങൾ തൻ പശി-
തീർക്കുവാനായി പാടുന്നട നീ...
നിൻ പാട്ടിലെ മധുര  ഗീതങ്ങൾ
വീണ്ടും കേട്ടു ഞാൻ...
എൻ മനസിൽ നീ പിന്നയും വന്നവതരിച്ചു
പ്രയേ നാൻ മധുരമാം ഈണം കേട്ടു ഞാൻ
എന്നിൽ വന്നണയുന്ന കാറ്റുപോൽ കേട്ടു ഞാൻ
എന്റെ ഉള്ളിലെ കവിതക്കൾക്കും വേണ്ടി
ഇനിയും പാടുക നീ.......
പാടി ഉണർത്തുക..........
വീണ്ടും പാടുക പ്രയേ.........

# എന്റെ ചിത്ര ചേച്ചിക്ക്

പാട്ടിന്റെ പാലാഴിയിൽ മാനവ-
ഹൃദയത്തെ തൊട്ടുണർത്തി.
എന്റെ അകതാരിൽ വിരിയുന്ന വാനമ്പാടി
നിന്നിലലിയുന്നിതാ ഞാനൊരാത്മാവായി....
ജനനം മുതൽക്കേ കേൾവിയിൽ നിൻസ്വരം
മരണം വരെയും നിലനിൽക്കുന്ന സ്വരം
എന്റെ കണ്ണിനും കാതിനും കുളിരായതും നീയേ
എന്റെ ഹൃദയത്തിലലിയുന്നതും നിൻ തുമൊഴിയേ
പകലു കാണാതൊളിക്കുന്ന കാനനം
ചിറകടിച്ചുയരുന്ന പറവകൾ..,
പച്ചപച്ചാ വിരിച്ചൊരു വയൽ നിരകൾ
സർവ്വതിലും ഞാനോർക്കുന്നു നിൻ സ്വരം...
ഗുരുവായൂർ നട തൊഴുതപ്പോൾ കൃഷ്ണ-
നെൻ മുന്നിൽ നിന്റെ സ്വരത്തിലായി മാറുന്നു.
മഞ്ഞയണിഞ്ഞ ദേവനെ കണ്ടപ്പോൾ നിൻ
മഞ്ഞൾപ്രസാദ സ്വരമോർമയിൽ മുഴകി....
എൻ ജീവിതാഭിലാഷം നീയെന്ന ചിത്രയാ
നിന്റെ ചിത്രത്തിൽ തുളുമ്പുന്ന നിൻസ്വരമാ...
വെയിൽ കാണാ ഹൃദയത്തിൽ സൂക്ഷിച്ച
ഒരുപിടി കവിതയാ നിനക്കെന്റെ സമ്മാനം...
വാനംമുട്ടെ പറക്കട്ടെ നിൻ മധുരസ്വരം
ഒരുനാൾ നാം കണ്ടുമുട്ടീടും മാതേ.....

*എന്റെ അകതാരിൽ വിരിയുന്ന വാനമ്പാടി*
*ഞാനലിയുന്നിതാ നിന്റെ സ്വരങ്ങളിൽ.....*

# പെൺകിളി

എന്റെ മടിയിൽ കിടക്കുന്ന പെൺകിളിയേ.....
നീ എൻ ചാരെ വരുമോ പൊൻകിളിയേ.......
എത്രയോ...പേർ നിന്നെ ജപിക്കുകയാണ്
അതിൽ ഒരാളായി ഞാൻ നിൽപ്പൂ എൻ പെ-
ൺകിളിയേ ...നാമം ജപിക്കുന്ന വാക്കുകളിൽ
പോലും നിൻ നാമം ഉരുവുട്ടുന്നേ....
സംഗീത സ്വരജതിയാം വാക്കുകൾ കൊ-
ണ്ടു നീ എൻ ഹൃതയം മറക്കുന്നവോ..
ഏതോ നിലാവിന്റെ വെട്ടത്തിൽ നിന്നെ
ഞാൻ തേടുന്നു പെൺകിളിയേ
എൻ ജിവിതമാണെങ്കിൽ ഏതോ;
പരീക്ഷണപാത്രങ്ങളാകുന്നു....
എന്നാലും എൻ പെൺകിളിയേ നിന്റെ
ആ സ്വരനാദത്തിൽ മമ ദുഃഖങ്ങൾ
ഒഴിഞ്ഞു പോകുകയാണ്........
ഗാനഗന്ധർവരുടെ ഹൃദം കവർന്നെടുത്തവളെ
ഇന്നു നീ ഈ ലോകനാഥയാണല്ലോ..
ചിന്തിക്കുവാനില്ലന്നു പറഞ്ഞു
നിൻ നാമം ഉരുവിട്ടുന്നോ....
ഈ നീ സന്ധ്യയിൽ കണ്ണിൽ
തീയായി നിന്നെ നോക്കുന്ന അവർ
ഏതോ കിനാവിൽ എൻ മടിത്തട്ടിൽ

കൂക്കുകയാണു നീ കിളിയേ
ഒരോ പേരും ഇന്നിതാ.......
ഈ നിമിഷമിതാ......
കണ്ണിൽ നിന്നും നീർത്തുള്ളികൾ
എന്തൊ ഞാൻ കണ്ടത് കിനാവലെ-
എന്നു എനിക്കുപോലും തോന്നുന്നരാവുകൾ
സന്ധ്യ മറയുകയോ എൻ
വാനമ്പാടി എന്നെ വിട്ടിട്ടുപോകുകയോ
സഹിക്കില്ല ഇനിയും എൻ പെൺകിളിയേ
എന്റെ പൊൻകിളിയേ......

# അടർന്നു പോയ ജീവനുകൾ

എറണാകുളത്തെ കോടികൾ വിലമതിക്കുന്ന ഒരു ഫ്ലാറ്റിന്റെ ഉടമയാ-
യിരുന്നു അരവിന്ദൻ. അഡ്വക്കേറ്റാണ് തന്റെ ഭാര്യ സ്റ്റെല്ല . ഇവർക്ക്
അഞ്ച് മക്കളാണ്. മക്കൾ എന്ത് ആവശ്യപ്പെട്ടാലും അത് നിറവേറ്റി-
ക്കൊടുക്കുന്നവരായിരുന്നു ഇവർ . അങ്ങനെയിരിക്കെ നേരം മൂന്നു മണി-
യായി . ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന ഇവരുടെ മക്കളായ സൂര്യയേയും
സരയുവിനേയും കൂട്ടി ഒരു ഔട്ടിങ്ങിനു പോകാൻ ഇവർ തീരുമാനിച്ചു.
യാത്ര പുറപ്പെട്ടു . ഹോസ്റ്റലിലേക്കുള്ള യാത്രക്കിടയിൽ കുറച്ചു ഷോപ്പിംഗ്
നടത്താമെന്നു കരുതി ഇവർ പൂമംഗലം എന്ന സ്ഥലത്തിറങ്ങി , റോഡി-
നരികിൽ ഒരാൾക്കൂട്ടം . അത് എന്തെന്നറിയാൻ മകൾ അനുപമയ്ക്കു ഒരു
ആകാംഷ . അനുപമ അവിടേക്ക് തിരിഞ്ഞു.എന്നാൽ ഈ ആൾക്കൂട്ടം കണ്ടെങ്കിലും അനന്യ വലിയ
കാര്യമാക്കിയില്ല.അവളുടെ ശ്രദ്ധ അടുത്തുള്ള ഒരു ടെക്സ്റ്റൈൽ സിൽ തൂക്കയിട്ടിരുന്ന ചുരിദാറിലേക്ക്
ആയിരുന്നു.അനുപമ ആൾക്കൂട്ടത്തിനടുത്തേക്ക് നടന്നു.എന്നാ

*ൽ ഇത് കണ്ട് മൂത്തവൻ സത്യജിത്ത് തിരിച്ചു വിളിച്ചു.അനു ഇവിടെ വാ,*
*ഒരുപാട് ഷോപ്പുകളിൽ കയറാനുള്ളതാ വാ.. എന്നാൽ അനുപമ ലക്ഷ്യം*
*വിട്ടില്ല.ഓരോരുത്തരെ തള്ളിമാറ്റി.ഒടുവിൽ അവൾ കണ്ടത് ആരെന്നറി-*
*യാൻ കഴിയാതെ രക്തത്തിൽ കുളിച്ചു കിടക്കുന്ന രണ്ട് യുവതിയുവാക്കളാ-*
*യിരുന്നു.വിവരം അനുപമ അരവിന്ദനെ അറിയിച്ചു. അരവിന്ദൻ പറഞ്ഞു*
*ഏയ് അതിനു നമുക്കെന്തു ചെയ്യാനാകും.അപരിചിതരായ അവരെ നമ്മുക്കെങ്ങനെ രക്ഷിക്കാൻനാകും.മക്കൾക്ക് സർപ്രൈസ് നൽകാൻ ഉള്ളതാ വാ ,ഏയ് അതു വേണ്ട അവരോടൊപ്പം ഹോസ്പിറ്റലിലേക്ക് പോകാൻമെന്നതായിരുന്നു അനുപമയുടെ വാദം.സ്റ്റെല്ല പറഞ്ഞു അനു ആരോടും ഓവർ സിമ്പതി ഒന്നുംവേണ്ട കേട്ടല്ലോ. മമ്മിക്കെങ്ങനെയാണ് ഇങ്ങനെ പറയാനാകുക.മനുഷ്യത്വം തീരെയില്ലാത്തവർക്കല്ലെ ഇങ്ങനെ പറയുവാനാവുക, അനുപമ തിരക്കി.അരവിന്ദൻ പറഞ്ഞു, മോള് ഞങ്ങൾ പറയുന്നത് അനുസരിക്കു.അത് പറ്റില്ല എന്നവൾ പറഞ്ഞു. അരവിന്ദൻ അതു കേട്ടപ്പോൾ അവളെ ഒന്നു തല്ലി . നനഞ്ഞ കണ്ണുകളോടെ അവൾ പറഞ്ഞു. ഞാൻ അവരോടൊപ്പം ഹോസ്പ്പിറ്റലിൽ പോവുകയാണ്. ഇത്രയും കാശുമുടക്കി എന്നെ പഠിപ്പിച്ചത് ഒരു ഡോക്ടറാക്കാൻ അല്ലേ? ഒരു ഡോക്ടറിന്റെ പ്രധാന കടമ ഒരു ജീവൻപോലും പൊലിയാതെ സംരക്ഷിക്കുകയല്ലെ? ഇത്രയും പറഞ്ഞ് അവൾ*

തിരിഞ്ഞു നോക്കിയപ്പോൾ ആംബുലൻസ് വന്ന് അവരെ കൊണ്ടുപോയികഴിഞ്ഞിരുന്നു. അവൾ അടുത്ത് നിന്നവരോട് ചോദിച്ചു എതു ഹോസ്പിറ്റലിലേക്കാണ് കൊണ്ടുപോയത് എന്ന് പക്ഷെ കൂടുതൽ പേരും അറിയില്ലെന്ന് ഉത്തരം നൽകി. എന്നാൽ ഒരാൾ മാത്രം പറഞ്ഞു അടുത്തുള്ള വെൽ കെയർ ഹോസ്പിറ്റലിലേക്കാണ് കൊണ്ടു പോയതെന്ന്.ഒരു ടാക്സിപ്പിടിച്ചവൾ അവിടെ എത്തി എന്നിട്ട് റിസപ്ഷനിൽ അന്വേക്ഷിച്ചു. ഒരു സിസ്റ്റർ പറഞ്ഞു ഇവിടെ എത്തിച്ചപ്പോഴേക്കും അവർ മരിച്ചിരുന്നു.അവൾ ഞെട്ടിതരിച്ചു പോയി. അവളെ അന്വേഷിച്ച് അവളുടെ വീട്ടുകാരെത്തി. ഡോക്ടർ പറഞ്ഞു. ആ കുട്ടി അന്വേഷിച്ചവർ മരിച്ചിരിന്നു. ബോഡി ഒന്ന് കാണണമെന്ന് ആവശ്യപ്പെട്ടു, ഇപ്പോൾ വരും.അവർ കാത്തിരുന്നു. അല്പനേരം പൊട്ടികരഞ്ഞവൾ തിരിച്ചു വന്നു. എന്താ സംഭവിച്ചതെന്ന് അവളോട് എല്ലാവരും തിരക്കി. അവൾ മറുപടിനൽകി. അതു നമ്മുടെ സരയുവും സൂര്യയുമായിരിന്നു. എല്ലാവരും വിവരംകേട്ട് സ്തംഭിച്ചുപോയി. എല്ലാവരുടെയും നിലവിളി ഹോസ്പിറ്റലിലാകെ പരന്നു. അരവിന്ദൻ അനുപമയോട് പറഞ്ഞു "ക്ഷമിക്കു മോളെ ഞങ്ങളോട്". അനുപമയുടെ മറുപടി ഇങ്ങനെയായിരുന്നു "ഡാഡി സ്വന്തമായാലും അന്യമായാലും മനുഷ്യന്റെ ചോരയുടെ നിറം ചുവപ്പാണ്".

# എന്റെ പൈങ്കിളിപ്പെണ്ണ്

*നിത്യേനമെന്നോണം അതിരാവിലുണർന്നു ഞാൻ*
*മുറ്റത്താഞ്ഞുലയും പൊന്നാലിൻമേൽനോക്കും*
*അവിടൊരു ചില്ലയിൽ ഉറക്കച്ചടവുമായി*
*എൻ പൈങ്കിളിപ്പെണ്ണും കൂട്ടത്തിലവളുടെ മുട്ടകളും.*

*ആദ്യമായ് ഞാനവളെ കാണുന്നനേരത്ത്*
*എന്നുള്ളിലെന്തോ തുടിച്ചിരുന്നു.*
*ആരെയോ വാരിപ്പുണർന്നതു പോലെ*
*എന്നുള്ളിലവളും നിറഞ്ഞിരുന്നു.*

*മാനത്തിൻ നിറമുള്ള മനോഹരിപ്പെൺക്കൊടി*
*മാനത്തിലൂടെ പറന്നിരുന്നു.*
*പൈതങ്ങൾ തന്നുടെ സംരക്ഷണത്തിനായി*
*മാറാല പോലെയും പറന്നുയർന്നു.*

*പെട്ടെന്നൊരുനാളെൻ മനസ്സിൽ കുടിക്കൊണ്ടു*
*അവളുടെ പൂമേനമെൽ തഴുകിവരാൻ*
*എന്നാലുടൻ തന്നെ ആ ദുരാഗ്രഹത്തെ*
*ഞാനെൻ മനസ്സിൽ ലയിപ്പിക്കയാൽ.*

*എന്റെ പ്രതീക്ഷകൾ മുഴുവനവളിലായ്*
*അവളെന്റെ ഓമനപൈതലായി*
*എന്റെ ഹൃദയവും മനസ്സും അവൾക്കു ഞാൻ*

പങ്കുവയ്ക്കുന്നതിലമ്മതുമാത്രം.

പെട്ടെന്നൊരുനാൾ മറയായിമാറിയ അവൾ
എന്നിൽ നിന്നൊളിച്ച് കളിച്ചിരുന്നു.
എന്റെ മനസ്സിന്റെ ഓളങ്ങൾ എന്നുമെൽ
പൈങ്കിളിപ്പെണ്ണിനു മാത്രമായ്.

# നന്ദി